അളഗപ്പാ മിൽസ്, കണ്ണൂർ സ്പിന്നിംഗ് മിൽ എന്നിവിടങ്ങളിൽ കൂടുതലായി എത്ര തറികൾ വീതം സ്ഥാപിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത് എന്ന് വ്യക്തമാക്കുമോ ;

(ഇ) ഇത്തരത്തിൽ നവീകരണ പ്രവർത്തനത്തിലൂടെ ഈ മില്ലുകളിൽ കൂടുതലായി എത്ര പേർക്ക് നേരിട്ട് തൊഴിൽ നൽകാൻ കഴിയും എന്നാണ് കരുതുന്നത് ;

(എഫ്) ഈ നവീകരണ പ്രവർത്തനങ്ങൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത് ?

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം) :

(എ)-(സി) നാഷണൽ ടെക്സ്റ്റൈൽ കോർപ്പറേഷന്റെ കീഴിലുള്ള തുണിമില്ലുകളായ ലക്ഷ്മി മിൽസ്, വിജയമോഹിനി മിൽസ്. അളഗപ്പാ മിൽസ്, കണ്ണൂർ സ്പിന്നിംഗ് മിൽസ് എന്നിവ ബി.ഐ.എഫ്.ആർ-ന്റെ പുനരുദ്ധാരണ പദ്ധതി പ്രകാരം 100.94 കോടി രൂപ മുതൽ മുടക്കിൽ നവീകരിച്ചിട്ടുണ്ട്.

(ഡി) ടി. മില്ലുകളെ സ്പിന്നിംഗ് യൂണിറ്റുകളായിട്ടാണ് നവീകരിച്ചിരിക്കുന്നത്. ആയതിനാൽ പുതിയ തറികളൊന്നും സ്ഥാപിച്ചിട്ടില്ല.

(ഇ) ഈ നാലു മില്ലുകളിലും കൂടി ഉദ്ദേശം 2172 ആളുകളെ ദിവസവും ജോലിയിൽ ഏർപ്പെടുത്തി വരുന്നു.

(എഫ്) നവീകരണ പ്രവർത്തനങ്ങൾ നടപ്പിലാക്കിക്കഴിഞ്ഞു.

ആധുനിക കാൻസർ മരുന്നുകൾ

8 (*668) ശ്രീ. കെ. ബി. ഗണേഷ്കുമാർ :
ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാൻസർ ചികിത്സാരംഗത്തെ ആധുനിക മരുന്നുകൾ സർക്കാർ ആശുപത്രികൾ, റീജിയണൽ കാൻസർ സെന്റർ തുടങ്ങിയ സ്ഥാപനങ്ങളിൽ ലഭ്യമാക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) കാൻസർ മരുന്നുകൾ വില കുറച്ചു നൽകുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(സി) സഹകാര്യ മേഖലയിൽ മാത്രം ഇപ്പോൾ ലഭ്യമായ കാൻസർ ചികിത്സാരംഗത്തെ ഏറ്റവും നവീനമായ മരുന്നുകൾ വിലകുറച്ച് സർക്കാർ മേഖലയിൽ ലഭ്യമാക്കുന്നതിന് സർക്കാർ പ്രത്യേക നടപടി സ്വീകരിക്കുമോ ?

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ) :

(എ)-(സി) കാൻസർ ചികിത്സാരംഗത്ത് നിലവിൽ ആഗോള വിപണിയിൽ ലഭ്യമായിട്ടുള്ള എല്ലാ മരുന്നുകളും റീജിയണൽ കാൻസർ സെന്ററിലെ ഫാർമസിയിൽ ലഭ്യമാണ്. നിലവാരമുള്ളതും അംഗീകാരമുള്ളതുമായ കമ്പനികളിൽ

LIBRARY ARCHIVES Kerala Legislative Assembly

നിന്നും ടെന്റർ ക്ഷണിച്ച് ലഭ്യമായ ടെന്ററുകൾ ആർ.സി.സി.യിലെ മുതിർന്ന ഡോക്ടർമാർ അടങ്ങിയ കമ്മിറ്റിയിൽ വിശദമായ ചർച്ചയ്ക്കുശേഷം മരുന്നുകൾ സെലക്ട് ചെയ്യുകയും കമ്പനികളുമായി നെഗോഷ്യേറ്റ് ചെയ്ത് പരമാവധി കുറഞ്ഞ വിലയ്ക്ക് മരുന്നുകൾ വാങ്ങി സ്റ്റോക്ക് ചെയ്യുന്നു. ഈ മരുന്നുകൾ പൊതുവിപണിയിൽ കിട്ടുന്നതിനേക്കാൾ 20% മുതൽ 50% ശതമാനം വരെ കുറഞ്ഞ വിലയ്ക്ക് രോഗികൾക്ക് നൽകുന്നു. മലബാർ കാൻസർ സെന്ററിൽ എല്ലാ വർഷവും ടെന്ററുകൾ ക്ഷണിച്ച് അതിൽനിന്നും തെരഞ്ഞെടുക്കുന്ന കമ്പനികളുമായി നെഗോഷ്യേറ്റ് ചെയ്ത് പരമാവധി കുറഞ്ഞ വിലയ്ക്ക് മരുന്നുകൾ വാങ്ങി സംഭരിച്ച് വിൽപനവിലയിൽ നിന്നും കുറഞ്ഞ നിരക്കിൽ രോഗികൾക്ക് ലഭ്യമാക്കുന്നു. മെഡിക്കൽ കോളേജുകളിൽ എത്തുന്ന കാൻസർ രോഗികൾക്ക് HDC ന്യായവിലാ മെഡിക്കൽ ഷോപ്പുകൾ വഴി കുറഞ്ഞവിലയ്ക്ക് മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ജനനീ സുരക്ഷാ യോജന പദ്ധതി

9 (*669) ശ്രീ. ആർ. സെൽവരാജ് :
ശ്രീ. എം. ഹംസ :
ശ്രീമതി ജെ. അരുന്ധതി :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആരോഗ്യ കുടുംബക്ഷേമ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പാക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) സംസ്ഥാനത്തെ ജനന നിരക്ക് എത്രയാണ് ; ദേശീയ തലത്തിൽ എത്രയാണെന്ന് വ്യക്തമാക്കാമോ ;

(സി) ശിശുമരണ നിരക്ക് എത്രയാണ് ; ദേശീയ തലത്തിൽ എത്രയാണ് ;

(ഡി) സുരക്ഷിത മാതൃത്വം എന്ന ലക്ഷ്യത്തോടെ നടപ്പാക്കി വരുന്ന 'ജനനീ സുരക്ഷാ യോജന' പദ്ധതിക്കായി കഴിഞ്ഞ വർഷം എത്ര കോടി രൂപ ചെലവായിട്ടുണ്ട് ;

(ഇ) ജനനീ സുരക്ഷാ യോജന പദ്ധതി പ്രകാരം കഴിഞ്ഞ വർഷം എത്ര അമ്മമാർക്ക് ആനുകൂല്യം നൽകിയിട്ടുണ്ട് ;

(എഫ്) നവജാത ശിശുക്കളുടെ സംരക്ഷണത്തിനായി പരിശീലന പരിപാടികൾ നടത്തുന്നുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ?

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (പി. കെ. ശ്രീമതി ടീച്ചർ) :

(എ) ആരോഗ്യ കുടുംബക്ഷേമ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഫീൽഡുവിഭാഗം ജീവനക്കാർക്കും ഡോക്ടർമാർക്കും വിവിധ തരത്തിലുള്ള ട്രെയിനിംഗുകൾ നടത്തിവരുന്നുണ്ട്. ഫീൽഡു വിഭാഗം ജീവനക്കാരായ ജെ.പി.എച്ച്.എൻ മാരുടെ ഒഴിവുകൾ നികത്തുവാനുള്ള നടപടികൾ കൈക്കൊള്ളുകയും അവർക്ക് അർഹമായ പ്രൊമോഷൻ നടപ്പിൽ വരുത്തുകയും ചെയ്തു. കൂടാതെ ഫീൽഡ് തലത്തിൽ 31,838 ആശാ പ്രവർത്തകരെ നിയോഗിച്ചു.

LIBRARY ARCHIVES Kerala Legislative Assembly